‘മൂല്യശാസ്ത്രവും ഭൂമിരാഷ്ട്രീയവും’
പ്രതികരണം

**ലേഖനത്തിൽ പറയുന്ന വഴികൾക്ക് പ്രസക്തിയുണ്ടെങ്കിലും അതിലെ ശരികൾക്ക് അധികദൂരം സഞ്ചരിച്ച ചരിത്രമില്ല എന്ന് വിശദീകരിക്കുന്നു**

**സി.ആർ. പരമേശ്വരൻ**

# പോകുവാൻ എങ്ങുമില്ല...

**ആശയവാദം** എപ്പോഴും ഒരു ചീത്തക്കാര്യമല്ല. ഇന്നുവരെയുണ്ടായിരുന്ന സ്വപ്നദർശികളെല്ലാവരും ആശയവാദികളായിരുന്നു. സ്വപ്നദർശികളാണ് എന്നും മാറ്റങ്ങൾ കൊണ്ടുവന്നിട്ടുള്ളത്. ആശയവാദത്തെ ഭൗതികവാദപരമായി, നിശിതമായി വിശകലനം ചെയ്തിട്ടുള്ള മാർക്സ് തന്നെ ഫലത്തിൽ ഒരു ആശയവാദിയായി അവസാനിച്ചു. യേശുവും നബിയും ഗാന്ധിയും ഹോചിമിനുമൊക്കെ രോഗനിർണ്ണയത്തിൽ സമർത്ഥരായിരുന്ന ആശയവാദികളായിരുന്നു. പക്ഷെ ചികിത്സകർ എന്ന നിലയിൽ, മൂല്യരഹിത ലോകത്തെ ചികിത്സിക്കുന്നതിൽ ആത്യന്തികമായി അവർ പരാജയപ്പെട്ടു. എന്നാലും അവരുടെ പ്രവർത്തനങ്ങൾ നഷ്ടങ്ങളല്ല. മൂല്യരാഹിത്യത്തിന്റെ തേർവാഴ്ച്ചയ്ക്കിടയിലും അവർ അത്യന്താപേക്ഷിത മൂല്യങ്ങളുടെ ജീൻ നഷ്ടപ്പെടാതെ സൂക്ഷിച്ചു. മനുഷ്യരാശിയുടെ മൂല്യബോധത്തിന് കൂടുതൽ വിശാലത നൽകി. അതിനെ സുദൃഢീകരിച്ചു. അവരെ പിന്തുടർന്ന് മൂല്യങ്ങളെ തിരിച്ചറിയാനെങ്കിലും പ്രാപ്തരായ വ്യക്തികൾ എന്ന നിലയിൽ നമ്മൾ കൂടുതൽ സംസ്കൃതചിത്തരായി. പക്ഷെ ഭൗതികലോകത്തിന് കാര്യമായ മാറ്റമൊന്നുമുണ്ടായിട്ടില്ല. ശ്യാം ബാലകൃഷ്ണന്റെ ലേഖനം മൂല്യബോധത്തെക്കുറിച്ചുള്ള ഉൾക്കാഴ്ചകൾ വളർത്തുന്നുണ്ട്, എങ്കിലും സമകാലിക ലോകത്തിലെ ജീവിതവ്യാപാരങ്ങളുടെ ഗുരുതരമായ സങ്കീർണ്ണതകളെ മനസ്സിലാക്കാതെ ലളിതപരിഹാരങ്ങൾ നിർദ്ദേശിക്കുകയാണ് ലേഖകൻ ചെയ്യുന്നത്.

വ്യക്തികളും സമൂഹങ്ങളും ഭ്രാന്തൻ ആടുകളെപ്പോലെയാണ്. ജനിതകവാസനകളാലും മാനസിക സങ്കീർണ്ണതകളാലും ശാരീരിക ആവശ്യങ്ങളാലും നയിക്കപ്പെടുന്നവർ. അവയൊന്ന് നിന്നുതന്നിട്ടുവേണ്ടേ അവയ്ക്കുമേൽ മൂല്യശാസ്ത്രം പരീക്ഷിക്കാൻ. മനുഷ്യരാശി അതിന്റെ യാത്രയ്ക്കിടയിൽ ഏതെങ്കിലും ആഴമുള്ള കൊക്കകൾക്ക് മുന്നിൽപ്പെടുമ്പോൾ ഒരു പുതിയ ഇടയനാൽ നയിക്കപ്പെടാൻ തങ്ങളെ അനുവദിക്കും. പ്രവാചകന്മാരെല്ലാം ഉടലെടുത്തിട്ടുള്ളത് അത്തരം പ്രതിസന്ധി ഘട്ടങ്ങളിലാണ്. അത്തരം അന്തരാള ഘട്ടങ്ങൾ കഴിഞ്ഞാൽ അച്ചടക്കമില്ലാത്ത ആടുകൾ അങ്ങുമിങ്ങും വീണ്ടും ഓടാൻ തുടങ്ങും. എല്ലാ ഭരണകൂടങ്ങളും ഏതെങ്കിലും തരത്തിലുള്ള സോഷ്യൽ എഞ്ചിനീയറിംഗ് നടപ്പാക്കുന്നത് ഈ ആട്ടിൻകൂട്ടങ്ങളെ മെരുക്കി, സാമൂഹിക പുരോഗതി ഉറപ്പുവരുത്താനാണ്. ഏറിയും കുറഞ്ഞുമുള്ള മർദ്ദക പ്രയോഗത്തിലൂടെയാണ് ആ സോഷ്യൽ എഞ്ചിനീയറിംഗ് സാധ്യമാകുന്നത്. സ്റ്റാലി



നും ഹിറ്റ്ലറും പോൾപ്പോട്ടും ജന്മനാ ക്രൂരന്മാർ ആയിരുന്നിരിക്കണമെന്നില്ല. തങ്ങളുടെ സ്വപ്നത്തിലുള്ള അച്ചടക്കമുള്ള ലോകചിത്രം സാക്ഷാത്കരിക്കാനായിരിക്കാം അവർ ലക്ഷങ്ങളെ കൊന്നൊടുക്കിയത്. മൂല്യങ്ങൾ തേടിയുള്ള യാത്ര ഫലത്തിൽ മൂല്യരാഹിത്യത്തിന്റെ പരമകാഷ്ഠയായിത്തീർന്നു.

സാർവ്വത്രികമായ മൂല്യാധിഷ്ഠിത ജീവിതത്തെക്കുറിച്ചും മൂല്യാധിഷ്ഠിത അധികാരത്തെക്കുറിച്ചുമാണ്  ലേഖകൻ പറയുന്നത്. ലോകത്ത് ഒരിടത്തും ഇന്നുവരെ മൂല്യാധിഷ്ഠിതമായ അധികാരമോ സാർവ്വത്രികമായ മൂല്യജീവിതമോ നിലവിൽ വന്നിട്ടില്ല. എന്നെങ്കിലും, ഏതെങ്കിലും ഒരിടത്ത് വന്നിട്ടുണ്ടെങ്കിൽ, നിലനിന്നിട്ടുണ്ടെങ്കിൽ  തന്നെ അതൊന്നും ചിരകാലം ജീവിച്ചിട്ടില്ല. മറിച്ച് മൂല്യാധിഷ്ഠിതമല്ലാത്ത അധികാരത്തിന്റെ ഉദാഹരണങ്ങളാണ് കൂടുതൽ. മൂല്യാധിഷ്ഠിത ജീവിതം സാർവ്വത്രികമാകുമ്പോഴാണ് മൂല്യാധിഷ്ഠിത അധികാരം സാധ്യമാകുന്നത്. അതൊരിക്കലും സംഭവിക്കാനിടയില്ല. എന്നാലും മനുഷ്യൻ 'നിർബന്ധിത ശുഭാപ്തിവിശ്വാസികൾ' (compulsive optimist) ആകാൻ നിർബന്ധിതരാകുന്നു.

ക്രിസ്തുവായാലും നബിയായാലും ഗാന്ധിയായാലും മാർക്സായാലും എന്തിന് നമ്മുടെ എം. ഗോവിന്ദനും കെ. വേണുവും വരെ ഇങ്ങനെ മനുഷ്യരാശിയുടെ അശുഭകരമായ സന്നിഗ്ധാവസ്ഥകളോട് പൊതുവെ വിമുഖരാണ്. കാലത്തിന്റെ രോഗനിർണ്ണയം പലപ്പോഴും അവർ കൃത്യമായി നടത്തിയാലും സഫലരാകാത്ത വൈദ്യന്മാരായി അവശേഷിക്കുന്നു. രോഗനിർണ്ണയം നടത്തുന്നവർക്ക് നന്നായി ചികിത്സിക്കാൻ കഴിയണമെന്നില്ല.

**പ്രാങ് – മുതലാളിത്ത രീതിയിൽ നിലനിൽക്കുന്ന, വികസന പരിഷ്കാരങ്ങളുടെ സങ്കീർണ്ണതകൾ വളരെ കുറവായ, കൂടുതൽ സ്വച്ഛതയുള്ള, സുരക്ഷിതത്വബോധം നൽകുന്ന സംസ്കൃതികൾ ഇന്നും നിലനിൽക്കുന്നുണ്ടാകാം. പക്ഷെ അതേക്കുറിച്ചുള്ള പൂർണ്ണതാസങ്കൽപ്പം വച്ച് നമ്മുടെ ലോകം മെനയാനാകില്ല. അത് നമ്മൾ കടന്നുവന്ന വഴിയാണ്. ചരിത്രത്തിന് റിവേഴ്സ് ഗിയറുകളില്ല**

കൃഷ്ണനും ബുദ്ധനും ഉപനിഷത്തുകളും തുടങ്ങി, ജിദ്ദുകൃഷ്ണമൂർത്തിയും ഓഷോയും വരെയുള്ള ചിന്തകർ മനഃശാസ്ത്രപരമായി വളരെ ഉൾക്കാഴ്ചയുള്ളവരാണ്. എന്നാൽ സാമൂഹിക ദുരാധികാരത്തിനുള്ള പരിഹാരമാർഗ്ഗങ്ങളൊന്നും അവർ നിർദ്ദേശിക്കുന്നില്ല. മനുഷ്യന്റെ, വ്യക്തികൾ എന്ന നിലയിലുള്ള മോചനത്തിനാണ് അവർ ഊന്നൽ നൽകിയത്. ദുരാധികാരത്തെ സഹ്യമാക്കാൻ അവർ വ്യക്തികളെ പ്രാപ്തരാക്കുന്നു.  അവരുടെ ദർശനങ്ങൾക്ക്, എന്നാൽ ഭൗതികലോകത്തെ സ്വാധീനിക്കാൻ കഴിയാത്തതിനാൽ യുദ്ധങ്ങൾ യുദ്ധങ്ങളായും ദാരിദ്ര്യം ദാരിദ്ര്യമായും ഹിംസ ഹിംസയായും വേദനകൾ വേദനകളായും തുടരുന്നു. മിക്കാവാറും എല്ലാ വ്യവസ്ഥകളിലും, അധികാരികൾ നിർവ്വഹിക്കുന്ന ചൂഷണാധിഷ്ഠിതമായ സോഷ്യൽ എഞ്ചിനീയറിംഗിനെ ഇത്തരം ചിന്തകർ അവഗണിക്കുന്നു. നമ്മുടെ മുന്നിലുള്ള ലോകത്തിന്റെ സങ്കീർണ്ണതകളെ മനസ്സിലാക്കാൻ അനുവദിക്കാതെ, അതിൽ സംതൃപ്തിയുള്ളവരാകാൻ ഇവ നമ്മെ നിർബന്ധിതരാക്കുന്നു എന്നതാണ് ഇത്തരം ചിന്തകളുടെ കുഴപ്പം എന്ന് പ്രമുഖ ജീവശാസ്ത്രജ്ഞൻ ആർ. ഡോകിൻസ് നിരീക്ഷിക്കുന്നുണ്ട്. മൂല്യങ്ങൾ സാർവ്വത്രികമാകുന്നതിൽ നിന്നും മനുഷ്യന്റെ ജനിതകവും ജീവശാസ്ത്രവും മനഃശാസ്ത്രവും അവനെ തടയുന്നു. ജീവശാസ്ത്രം പ്രത്യയശാസ്ത്രത്തെ മിക്കപ്പോഴും തോൽപ്പിക്കുന്നു (biology mostly defeats ideology). ജനിതകശാസ്ത്രവും ജീവശാസ്ത്രവും മനഃശാസ്ത്രവുമാണ്, ശുഭാപ്തിവിശ്വാസമോ അശുഭാപ്തി വിശ്വാസമോ ആരോപിക്കേണ്ടതില്ലാത്ത മനുഷ്യാവസ്ഥയെക്കുറിച്ച് ശരിയായ ഉൾക്കാഴ്ച നൽകുന്നത്. ലേഖകന്റെ നിരീക്ഷണം ഇത്തരം വിഷയങ്ങളുടെ സൂക്ഷ്മതയിലേക്ക് പോകാതെ ആശയവാദത്തിൽ തന്നെയാണ് നിൽക്കുന്നത്.

ലേഖനത്തിൽ പറയുന്നതുപോലെ, ജീവിതത്തിന്റെ മൂല്യത്തെക്കുറിച്ചും പ്രസക്തിയെക്കുറിച്ചും വ്യക്തതയുണ്ടായതുകൊണ്ട് ഗുണങ്ങളുണ്ട്. "അങ്ങനെയൊരു വ്യക്തതയും അതനുസരിച്ചുള്ള ജീവിതരീതിയും മനുഷ്യർക്ക് ഒരുകാലത്തും ഉണ്ടായിരുന്നില്ല എന്നും നമ്മളെല്ലാവരും മത്സരിച്ചും ചൂഷണം ചെയ്തുമാണ് ജീവിച്ചിരുന്നതെന്നുമുള്ള ഒരു പൊതുധാരണ ഇന്ന് ലോകമൊട്ടാകെ നിലനിൽക്കുന്നുണ്ട്. മുതലാളിത്ത വ്യവസ്ഥിതി അതിന്റെ മുഴുവൻ ഹിംസകൾക്കും ന്യായീകരണം കണ്ടെത്തുന്നത് ഇത്തരം സാമാന്യവത്കരണങ്ങളിൽ നിന്നാണ്"

എന്ന് ലേഖകൻ മുതലാളിത്ത ചിന്തകരെക്കുറിച്ച് നിരീക്ഷിക്കുന്നു. പക്ഷെ, മൂല്യങ്ങൾ ഒരിക്കലും സാർവ്വലൗകികമായിരുന്നിട്ടില്ല. ഒരു ന്യൂനപക്ഷത്തെ സംസ്കൃതചിത്തരാക്കുക മാത്രമെ അത് ചെയ്തിട്ടുള്ളൂ. ആലോചിച്ച് നോക്കിയാൽ, മുതലാളിത്തം മാത്രമല്ല ഇത്തരം വീക്ഷണം സ്വീകരിച്ചിട്ടുള്ളത്. വ്യാസനും വാത്മീകിയും ഹോമറും ഷേക്സ്പിയറും ടോൾസ്റ്റോയിയും ദസ്തേവിസ്കിയും നീഷേയും എക്സിസ്റ്റൻഷ്യലിസ്റ്റുകളും എന്തിന് ആനന്ദ് പോലും അങ്ങനെയാണ് നിരീക്ഷിച്ചിട്ടുള്ളത്.

മുൻപ് പറഞ്ഞതുപോലെ, മനുഷ്യൻ നിരുപാധികമായി ചീത്തയല്ല, നല്ലതുമല്ല. മനുഷ്യനിൽ സ്നേഹത്തിന്റെയും സഹിഷ്ണുതയുടെയും ഐക്യത്തിന്റെയും ധാതുക്കളുണ്ട്. അതുപോലെ, ജനിതകമായി വിപരീത ധാതുക്കളുമുണ്ട്. ജനിതകമായും ശാരീരികമായും മാനസികമായും, സാമൂഹിക സാഹചര്യവശാലും സ്വാർത്ഥതയുടെയും ആർത്തിയുടെയും ഹിംസയുടെയും ധാതുക്കളാണ് കൂടുതലുള്ളത് എന്നുമാത്രം. വ്യക്തിജീവിതം മുതൽ അന്താരാഷ്ട്രബന്ധങ്ങളിൽ വരെ അതാണ് കാണുന്നത്. ഇന്നുവരെയുള്ള ചരിത്രം അത്തരം ഉദാഹരണങ്ങളുടേതാണ്. സുമനസ്സുകളുടെ നിർബന്ധിത ശുഭാപ്തിവിശ്വാസം യാഥാർത്ഥ്യത്തിന് നിരക്കാത്തതാണ് എന്ന് പറയേണ്ടിവരുന്നത് അതുകൊണ്ടാണ്.

ഇത്തരം ആദർശനിലയോട് മനുഷ്യരാശി പലപ്പോഴും അവരുടെ ദാർശനികന്മാരുടെ നേതൃത്വത്തിൽ അനുഭാവം പുലർത്തിയിരുന്നു. അതൊരു താത്ക്കാലിക നിലപാട് മാത്രം. അതാതുകാലത്തെ നിക്ഷിപ്ത താത്പര്യങ്ങൾ സോഷ്യൽ എഞ്ചിനീയറിംഗിലൂടെ ഇത്തരം നിലപാടുകളെ അട്ടിമറിക്കുന്നതിനും ഹൈജാക്ക് ചെയ്യുന്നതിനും ശ്രമിച്ചിരുന്നു. ഉദാഹരണമായി, ഗാന്ധിസം ഒരുകാലത്ത് ഒരുപാട് പേർ പിന്തുടർന്നിരുന്ന ആദർശനിലയായിരുന്നു. പക്ഷെ ഭരണകൂടം വികസിച്ചപ്പോൾ ഗാന്ധിസം ഖദറിൽ മാത്രം ഒതുങ്ങുന്ന കാപട്യമായാണ് നമ്മൾ കാണുന്നത്.

എന്താണ് സോഷ്യൽ എഞ്ചിനീയറിംഗ്? അധികാരമുള്ളയാൾ ബലപ്രയോഗത്തിലൂടെ, പ്രത്യയശാസ്ത്ര പ്രയോഗത്തിലൂടെ, ഏകാധിപത്യപരമോ ജനാധിപത്യപരമോ ആയ ഭരണകൂട നിയന്ത്രണങ്ങളിലൂടെ ജനങ്ങളെ തങ്ങൾ ആഗ്രഹിക്കുന്ന രീതിയിൽ പെരുമാറുന്നവരാകാൻ നിർബന്ധിതരാക്കുന്ന പ്രക്രിയയാണ് സോഷ്യൽ എഞ്ചിനീയറിംഗ്. ക്ഷേമ രാഷ്ട്രങ്ങളിൽ അതിന് ഒരു മയമുണ്ടാകുമെന്ന് മാത്രം. രാജാധികാരം, തിയോക്രസി, കമ്മ്യൂണിസം, ജനാധിപത്യം എല്ലാം ഉന്നം വയ്ക്കുന്നത് ഏതെങ്കിലും തരത്തിലുള്ള സാമൂഹിക നിയന്ത്രണമാണ്. ചിലത് സദുദ്ദേശത്തോടെയും ചിലത് സ്വാർത്ഥോദ്ദശത്തോടെയുമാണ്. ചിലത് കടുത്ത ബലപ്രയോഗത്തോടെയും ചിലത് കുറഞ്ഞ ബലപ്രയോഗത്തോടെയുമാണ്. ഭരണകൂടങ്ങളിൽ ജനങ്ങളുടെ നിമഗ്നത ഏറ്റവും കൂടിയ ജനാധിപത്യം പോലും വാസ്തവത്തിൽ നാമമാത്രമായ ജനാധിപത്യമാണ്. ധനാധികാരവും പ്രത്യശാസ്ത്രാധികാരവും ജുഡീഷ്യറിയുടെയും എക്സിക്യൂട്ടീവിന്റെയും ലെജിസ്ളേറ്റീവിന്റെയും എല്ലാ സുഷിരങ്ങളിലും ആഴ്ന്നിറങ്ങി ജനാധിപത്യം വിഭാവനം ചെയ്യുന്ന നീതിയും സമത്വവും ഒരു പ്രഹസനമാക്കുന്നു. ജനാധിപത്യം ഏറ്റവും പുഷ്ക്കലമെന്ന് ധരിക്കുന്ന സ്കാൻഡിനേവിയൻ രാജ്യങ്ങളിലൊന്നായ സ്വീഡന്റെ കാര്യം നോക്കൂ. ആ ഭരണകൂടമാണ് ഈ ദശകത്തിലെ ഏറ്റവും പ്രധാനപ്പെട്ട വ്യക്തിത്വങ്ങളിലൊന്നായ ജൂലിയൻ അസാഞ്ചയെ കള്ളക്കേസിൽ കുടുക്കിയിരിക്കുന്നത്. ഇന്ത്യൻ ജനാധിപത്യം നോക്കൂ. അഴിമതിയുടെയും അനീതിയുടെയും ഒരു ചെളിക്കുളത്തിൽ വീണ്, ശ്വാസംമുട്ടി മരിക്കാതിരിക്കാൻ കഷ്ടിച്ച് നാം മൂക്കുയർത്തി നിൽക്കുന്നു എന്നുമാത്രം.

മനുഷ്യത്വം നിർഗുണമാണ് (value neutral). അതുകൊണ്ട് അതിനെക്കുറിച്ച് മൂല്യധിഷ്ഠിതമായി ഒരു പൊതുനിയമം ഉണ്ടാക്കാൻ കഴിയില്ല. അത് ഹിംസാത്മകമോ അഹിംസാത്മകമോ അല്ല, സ്നേഹരഹിതമോ സ്നേഹഭരിതമോ അല്ല, സ്വാർത്ഥ ഭരിതമോ നിസ്വാർത്ഥമോ അല്ല. മനുഷ്യചരിത്രത്തിലും നിത്യജീവിതത്തിലും സ്വാർത്ഥതയുടെയും അസഹിഷ്ണുതയുടെയും ക്രൂരതയുടെയും ഉദാഹരണങ്ങൾ ഉള്ളതുപോലെ സ്നേഹത്തിന്റെയും സഹിഷ്ണുതയുടെയും നിസ്വാർത്ഥതയുടെയും ത്യാഗത്തിന്റെയും ഉദാഹരണങ്ങളുമുണ്ട്. മനുഷ്യന്റെ ജനിതകവും ജീവശാസ്ത്രപരവും മനഃശാസ്ത്രപരവുമായ ആഴങ്ങളിലാണ് അധികാരത്തിന്റെയും ഭരിക്കപ്പെടുന്നതിന്റെയും വേരുകൾ കിടക്കുന്നുത്. മനുഷ്യന്റെ ജനിതകവാസനകൾ മിക്കതും സ്വാർത്ഥപ്രേരിതവും അധികാരോന്മുഖവുമാണ്. സഹിഷ്ണുതയേയും അനീതിയോടുള്ള ചെറുത്തുനിൽപ്പുകളെയും മറികടന്ന് ദുരാധികാര വാസനകൾ എന്നും വിജയം നേടുന്നത് അതുകൊണ്ടാണ്. മതപരവും രാഷ്ട്രീയപരവുമായ പ്രത്യശാസ്ത്രങ്ങൾ ജനങ്ങളെ ദുരാധികാരത്തിന് കീഴ്പ്പെടുത്തുന്നു. മാർക്സും ഫൂക്കോയും ഗ്രാംഷിയും വില്യം റീഹുമെല്ലാം ഈ അധികാര വ്യവസ്ഥയെ നന്നായി മനസ്സിലാക്കിയവരാണ്.

മനുഷ്യന്റെ ഈ പ്രശ്നം ലേഖകൻ തന്നെ ഒരിടത്ത് പറയുന്നുണ്ട്. "ഒന്ന് വിശദീകരിച്ചാൽ, പ്രത്യേകിച്ചു ഒരാളുടെയും നേതൃത്വത്തിലല്ലാതെ ലോകം മുഴുവൻ വ്യാപിക്കുവാൻ മുതലാളിത്തത്തിനു കഴിയുന്നത് മനുഷ്യമനസ്സിന്റെ ചില അടിസ്ഥാന പ്രവണതകളുമായുള്ള അതിന്റെ മൂലബന്ധം കൊണ്ടാണെന്നു പറയാം. അസംസ്കൃതമായ മനസ് – മുതലാളിത്തം, മനുഷ്യനെ മറ്റെല്ലാത്തിൽ നിന്നും അന്യവൽക്കരിച്ച് വ്യക്തിനിഷ്ഠമായി മാത്രം മനസിലാക്കുന്നു. ഇങ്ങനെ തീർത്തും ശരീരബന്ധിതമായി സ്വന്തം സത്ത നിർവചിക്കപെടുന്നതോടെ മരണഭീതി ഉൾപ്പെടെയുള്ള എല്ലാ സുരക്ഷിതത്വമില്ലായ്മകളും മനുഷ്യരുടെ സ്ഥായിഭാഗമാകും. ഇതേ വ്യക്തിബോധത്തിന്, അതിന്റെ സ്വാർത്ഥവാസനകളെല്ലാം പരമ ആദർശമാവാതെയും തരമില്ല. ഇങ്ങനെ ഉടലിൽ ഭീരുത്വവും, മനസിൽ ദാരിദ്ര്യവും ബാധിച്ച മനുഷ്യർ, തങ്ങളുടെ 'ചുരുങ്ങിയ' ജീവിതകാലയളവിൽ നടത്തുന്ന സുഖന്വേഷണമാണ് മുതലാളിത്തത്തിന്റെ ചാലകശക്തി. മനുഷ്യമനസ്സിന്റെ മറ്റൊരു പ്രവണത എപ്പോഴും എന്തെങ്കിലും വിഷയം, കാര്യമൊന്നും ഇല്ലെങ്കിലും ചവച്ച് കൊണ്ടിരിക്കണമെന്നതാണ്. ഓരോന്നും കുറച്ചു കഴിയുമ്പോൾ മടുക്കും; പിന്നെ അടുത്തത്; അങ്ങനെ അവസാനമില്ലാതെ. മനസിന്റെ ഈ മർക്കടത്വവും വ്യവസ്ഥിതിക്ക് ജീവശ്വാസമാണ്."

എന്നാൽ വിവേകസഹിതമായ വിദ്യാഭ്യാസം കൊണ്ടും ശരിയായ ഉത്പാ

ദനരീതി കൊണ്ടും മുതലാളിത്തത്തിന്റെ വ്യാപനത്തെ ചെറുക്കാമെന്നാണ് ലേഖകൻ ആഗ്രഹിക്കുന്നത്.

"ഇങ്ങനെ വിദ്യാഭ്യാസത്തിലൂടെ മനുഷ്യമനസ്സിനെ അതിന്റെ ബാലാരിഷ്ടതകളിൽ നിന്ന് മോചിപ്പിക്കുന്നതിന് സമാനമായി - സമാന്തരമായി നമ്മുടെ ഉല്പാദന പ്രക്രിയയെയും നമുക്ക് മുതലാളിത്ത ബാധയിൽ നിന്ന് രക്ഷിക്കാനാവും. അഥവാ, ജൈവീകമെന്നോണമുള്ള മുതലാളിത്തവ്യാപനത്തെ അതെ രീതിയിൽ നമുക്ക് ഇല്ലാതാക്കാനാവും. അതിനായി നമ്മൾ, മുതലാളിത്തത്തിന്റെ പ്രത്യയശാസ്ത്രമടക്കമുള്ള ഉൽപ്പന്നങ്ങളുടെ ഉത്പാദനം/ഉപഭോഗം കുറച്ചു കൊണ്ട് വന്നാൽ മതി. കാരണം, മുതലാളിത്തത്തിന് നിലനിൽക്കാൻ 2 - 4, 4 - 8 എന്ന ഒരു വളർച്ചാക്രമം അനിവാര്യമാണ്. ഈ വളർച്ചാനിരക്ക് തടസ്സപ്പെടുകയോ, ഉൽപ്പാദനം/ഉപഭോഗം വിപരീത ദിശയിലേക്ക് നീങ്ങുകയോചെയ്യുന്നത് ഒരു ഘട്ടത്തിനപ്പുറം തുടർന്നാൽ മുതലാളിത്തം തനിയെ തകർന്നു തുടങ്ങും."

മുതലാളിത്തത്തിന്റെ വക്കുപോലും തൊടാത്ത, ഒരിക്കൽപ്പോലും തെളിയിച്ചിട്ടില്ലാത്ത, ഉദ്ദേശശുദ്ധിയുള്ള ആശയവാദം മാത്രമാണിത്. മനുഷ്യരാശിയുടെ സങ്കീർണ്ണ പ്രശ്നങ്ങൾ ലേഖകൻ വിവരിക്കുന്നതുപോലെ ഋജുവായ ഒരു ദാർശനിക മാതൃകയിൽ വച്ച്, കുറേപ്പേർ 'ഞാനാരാണ്' എന്ന ആത്മാന്വേഷണം നടത്തി പരിഹരിക്കാൻ കഴിയുന്നതല്ല. ഞാൻ മൂന്ന് ദശാബ്ദം മുമ്പ് പറഞ്ഞതുപോലെ ഒരുവന്റെ ജീവിതത്തിന്റെ അഞ്ചുസെന്റ് വൃത്തിയാക്കി വെയ്ക്കാൻ ഒരു പക്ഷെ അയാൾക്ക് കഴിഞ്ഞേക്കും. ഇത്തരം, വ്യക്തികളുടെ ആത്മസാക്ഷാത്കാരങ്ങൾ സാർവ്വത്രികമാവുക എന്നതാണ് ഒരു മാതൃകാ ലോകവ്യവസ്ഥയ്ക്ക് ഏകവഴിയെങ്കിലും അത് ഒരിക്കലും സംഭവിക്കാൻ പോകുന്നില്ല. ലോകം ഒരു ആദർശചിത്രമല്ല. ഞാൻ ഇതെഴുതുമ്പോൾ കോടാനുകോടി വ്യക്തികളിൽ, കുടുംബങ്ങളിൽ, ഗ്രാമങ്ങളിൽ, നഗരങ്ങളിൽ മാനസിക-ഭൗതിക തലങ്ങളിലുള്ള യുദ്ധങ്ങളും സംഘർഷങ്ങളും നടന്നുകൊണ്ടിരിക്കുകയാണ്. ആ മഹാസങ്കീർണ്ണതയ്ക്ക് മുന്നിൽ 'ഞാനാരാണ്' എന്ന കുറച്ചുപേരുടെ അന്വേഷണം അപ്രസക്തമാണ്. ശക്തന്റെയും സമർത്ഥന്റെയും അതിജീവന തന്ത്രങ്ങളാണ് എപ്പോഴും വിജയിക്കുന്നത്.



ലേഖകൻ ഒരു തെളിവുമില്ലാതെ, മുതലാളിത്തവ്യവസ്ഥ ഇന്ന് ആർക്കും രക്ഷിക്കാനാകാത്ത അന്ത്യദശയിലാണെന്ന് പറയുന്നുണ്ട്. ഞാൻ മുതലാളിത്തവ്യവസ്ഥയെ പിന്തുണയ്ക്കുന്നില്ല. എങ്കിലും ഈ പറയുന്നത് അയഥാർത്ഥമാണെന്ന് പറയാതെവയ്യ. പ്രാങ്-മുതലാളിത്ത രീതിയിൽ നിലനിൽക്കുന്ന, വികസന പരിഷ്കാരങ്ങളുടെ സങ്കീർണ്ണതകൾ വളരെ കുറവായ, കൂടുതൽ സ്വച്ഛതയുള്ള, സുരക്ഷിതത്വബോധം നൽകുന്ന സംസ്കൃതികൾ ഇന്നും നിലനിൽക്കുന്നുണ്ടാകാം. പക്ഷെ അതേക്കുറിച്ചുള്ള പൂർണ്ണതാസങ്കൽപ്പം വച്ച് നമ്മുടെ ലോകം മെനയാനാകില്ല. അത് നമ്മൾ കടന്നുവന്ന വഴിയാണ്. ചരിത്രത്തിന് റിവേഴ്സ് ഗിയറുകളില്ല. തന്നെയുമല്ല, ലിബറൽ ജനാധിപത്യ പരീക്ഷണങ്ങൾ മിനക്കെട്ട് കുടഞ്ഞെറിഞ്ഞ പല പ്രാകൃതമായ അധികാരസ്ഥാപനങ്ങളും അവയിലുണ്ട്. അതുപോലെ സമകാലിക വികസനപ്രക്രിയയും മുതലാളിത്തവും, നിരപേക്ഷമായും നിരുപാധികമായും ചൂഷകൻ മാത്രമല്ല. കമ്മ്യൂണിസമോ, ഫാസിസമോ, ഖൊമേനിയനിസമോ പോലെയുള്ള ഒരു ഭരണവ്യവസ്ഥയല്ല മുതലാളിത്തം. അത് വ്യവസായ വിപ്ലവത്തിന് ശേഷമുള്ള മനുഷ്യപ്രകൃതിയാണ്. അതിൽ നല്ലതും ചീത്തയുമുണ്ട്. സംസ്കാരവിനിമയത്തിന്റെ അന്തർദേശീയതയുണ്ട്, ഉപഭോഗാസക്തിയുടെ ആഗോളീകരണമുണ്ട്. വാസ്തവത്തിൽ മുതലാളിത്തത്തിന്റെ വായയ്ക്കുള്ളിലിരുന്നാണ് നാമെല്ലാം അതിനെതിരെ പ്രതിരോധ മുദ്രാവാക്യങ്ങൾ വിളിക്കുന്നത്. മൂല്യങ്ങളുടെ പടയാളികൾ ഒന്നുകിൽ പൊരുതി മരിക്കുന്നു, അല്ലെങ്കിൽ ആത്മഹത്യചെയ്യുന്നു, അതുമല്ലെങ്കിൽ കാലാന്തരത്തിൽ മുതലാളിത്തത്തിനോട് പൊരുതുന്നതായി നടിച്ച് മുതലാളിത്തം തന്നെയായി മാറുന്നു. ഹോചിമിൻ ടാൻസാങ്ങ് ആയതുപോലെ, ഗാന്ധി മൻമോഹൻ സിംഗ് ആകുന്നതുപോലെ, മാർക്സ് സ്റ്റാലിനെ സൃഷ്ടിച്ചതുപോലെ, എ.കെ.ജി പിണറായിയായി പരിണമിച്ചതുപോലെ. അവരുടെ തുടർച്ചകൾ ജീർണ്ണിച്ചതുകൊണ്ട് ഹോചിമിനോ, ഗാന്ധിക്കോ, മാർക്സിനോ, എ.കെ.ജിക്കോ ഒരു കുറവും വന്നിട്ടില്ല. മൂല്യങ്ങളുടെ ജീനുകളെ അവർ തങ്ങളുടെ കാലത്ത് നശിക്കാതെ കാത്തു. മൂല്യങ്ങൾ എന്ന ഒന്നുണ്ടെന്ന് നമുക്കെല്ലാം മനസ്സിലാക്കാനെങ്കിലുമായി. വ്യക്ത

**മതത്തിനോടുള്ള കലഹമായിട്ടല്ല, വ്യവസായവിപ്ലവത്തിന്റെ തുടർച്ചയായാണ് മുതലാളിത്തം വരുന്നത്. മധ്യകാല സമൂഹം ഉണരാൻ പ്രാപ്തമായപ്പോൾ അത് മതശാസനകളെപ്പോലും മാനിച്ചില്ല എന്നുമാത്രം. സമയമായപ്പോൾ പുതിയതരം പണിശാലകളിൽ യന്ത്രങ്ങൾ പ്രവർത്തിച്ച് തുടങ്ങി. സാഹചര്യങ്ങൾ പക്വമായപ്പോൾ വൻകരകൾ തേടി കപ്പലുകൾ നീങ്ങിത്തുടങ്ങി. . പള്ളിയും സാമ്രാജ്യത്വവും അന്നുമുതൽ ഇന്നുവരെ എന്നാണ് പിണക്കത്തിലായിരുന്നത്?**

ജീവിതത്തിന്റെ അഞ്ച് സെന്റ് സ്ഥലം വൃത്തിയാക്കിവയ്ക്കാൻ ഇവർ നമ്മെ സഹായിക്കുന്നു. ഏറിയാൽ അത്രമാത്രം.

ജീവിതത്തെക്കുറിച്ചുള്ള പൗരാണിക ദർശനങ്ങൾ ജനങ്ങളുടെ ജീവിതത്തിന് ആകെ അടിത്തറയൊരുക്കി എന്ന് ലേഖകൻ പറയുന്നുണ്ട്. എവിടെയാണ് അങ്ങനെ സംഭവിച്ചിട്ടുള്ളത്? ജീവിതത്തോടുള്ള നിലപാടുകളെ സ്വാധീനിച്ചിരിക്കാമെങ്കിലും, ചൂഷണത്തിന് ഒരു സമൂഹത്തിലും കുറവുണ്ടായിട്ടില്ല. ഏത് മതത്തിലും ഒരു ശതമാനം മതവും 99 ശതമാനം മതാഭാസങ്ങളുമായിരുന്നു ഉണ്ടായിരുന്നത്. ഉപനിഷത്തുകളും ബൈബിളും ഖുറാനും ഒരു സമൂഹവും ഒരുകാലത്തും ആത്മാർത്ഥമായി ഉപജീവിക്കപ്പെട്ടിട്ടില്ല. ഉപനിഷത്തുകളുടെ സത്തയല്ല, ജാതിവ്യവസ്ഥയുടെ കൊടും ചൂഷണമാണ് ഹിന്ദു സമൂഹത്തിൽ നിലനിൽക്കുന്നത്. ക്രിസ്തു കുരിശിലേറി 400 കൊല്ലം കഴിയുമ്പോഴേക്കും ക്രിസ്തുമതം അലക്സാണ്ട്രിയയിൽ കൂട്ടക്കൊല തുടങ്ങി. നബി മരിച്ച ഒരു നൂറ്റാണ്ടിന് ശേഷം തുടങ്ങിയ ഭാതൃഹത്യകൾ ഇന്നും തുടരുന്നു.

ക്രിസ്തുമതവുമായുള്ള വൈരുദ്ധ്യങ്ങൾ മുതലാളിത്തത്തിന്റെ ഒരു ചെറിയ ഘടകം മാത്രമാണ്. വാസ്തവത്തിൽ ആ സെമറ്റിക് മതത്തിന്റെ ഊർജ്ജമാണ് മുതലാളിത്തത്തിന് കൂടുതൽ പ്രസക്തം. ലേഖകൻ പറയുന്നത് തെറ്റാണ്. മതത്തിനോടുള്ള കലഹമായിട്ടല്ല, വ്യവസായവിപ്ലവത്തിന്റെ തുടർച്ചയായാണ് മുതലാളിത്തം വരുന്നത്. മധ്യകാല സമൂഹം ഉണരാൻ പ്രാപ്തമായപ്പോൾ അത് മതശാസനകളെപ്പോലും മാനിച്ചില്ല എന്നുമാത്രം. സമയമായപ്പോൾ പുതിയതരം പണിശാലകളിൽ യന്ത്രങ്ങൾ പ്രവൃത്തിച്ച് തുടങ്ങി. സാഹചര്യങ്ങൾ പക്വമായപ്പോൾ വൻകരകൾ തേടി കപ്പലുകൾ നീങ്ങിത്തുടങ്ങി. പള്ളിയും സാമ്രാജ്യത്വവും അന്നുമുതൽ ഇന്നുവരെ എന്നാണ് പിണക്കത്തിലായിരുന്നത്? ലാറ്റിനമേരിക്കയിലും ആഫ്രിക്കയിലും ഏഷ്യയിലും മിഷനറിമാരോടൊപ്പമല്ലേ അധിനിവേശികൾ എത്തിത്തുടങ്ങിയത്? കേരളത്തിലേക്ക് മുതലാളിത്തം വന്നത് നോക്കൂ. രണ്ടിലധികം നൂറ്റാണ്ടുകൾ ഇവിടെ യൂറോപ്യൻ അധിനിവേശികളുടെ സാന്നിധ്യമുണ്ടായിരുന്നിട്ടും മുതലാളിത്തം പ്രവർത്തനസജ്ജമായത് ഡോ. ഫ്രാൻസിസ് ബുക്കാനൻ വിദ്യാഭ്യാസ പ്രവർത്തനവും തദ്വാര മിഷണറി പ്രവർത്തനവുമായി കേരളത്തിലെത്തിയപ്പോഴാണ്. മിഷണറി പ്രവർത്തനം കോളനികളിൽ വ്യാപിപ്പിക്കുന്നതിനായി ബ്രിട്ടീഷ് സർക്കാർ 18-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ഒരു ബിൽ പാസ്സാക്കിയതിന്റെ ഫലമായിട്ടാണ് ഫ്രാൻസിസ് ബുക്കാനന് കേരളത്തിലെത്തി 64 പ്രൈമറി സ്കൂളുകൾ തുടങ്ങാനുള്ള നിയോഗം ലഭിക്കുന്നത്. അങ്ങനെ തുടങ്ങിയ വിദ്യാഭ്യാസത്തിലൂടെയാണ് കേരളത്തിലേക്ക് മുതലാളിത്തം വരുന്നത്. മുതലാളിത്തം ഒരിക്കലും മതത്തിനെതിരല്ല. മുതലാളിത്തത്തിന്റെ ഭാഗമായി വന്ന സുഖാനുഭൂതികൾ മതം ആവശ്യപ്പെടുന്ന അനാർഭാട ജീവിതം ഉപേക്ഷിക്കാൻ പ്രേരിപ്പിക്കുന്നു. ഇന്നുവരെ അനുഭവിക്കാത്ത പുതിയ സൗകര്യങ്ങളുടെ വരവിൽ മനുഷ്യന്റെ ആത്മീയാന്വേഷണത്തെ അത് ചുരുക്കി എന്നതാണ് കാര്യം.

മുതലാളിത്തത്തിന്റെ വിധാതാക്കൾ, കൊള്ളലാഭത്തിന് വേണ്ടി വിനാശകരമായ ഹ്രസ്വകാല സോഷ്യൽ എഞ്ചിനീയറിംഗ് നടത്തുന്നുണ്ടെങ്കിലും അതിന്റെ ഗതിയിൽ അതിനുതന്നെ നിയന്ത്രണമില്ല. ലേഖകൻ പറയുന്നതുപോലെ അമിതനഗരവത്കരണവും കൃഷിയിലേക്കുള്ള കടന്നുകയറ്റവും മുൻപിൻ നോക്കാത്ത ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റും ഈ ഭ്രാന്തമായ ഗതിയിൽ സംഭവിച്ചുപോകുന്നതാണ്. മുതലാളിത്തം നശിക്കുകയൊന്നുമില്ല. മനുഷ്യപ്രകൃതി തന്നെയായ മുതലാളിത്തം ചിലപ്പോൾ മുടന്തിയും ചിലപ്പോൾ ഊർജ്ജസ്വലമായും മുന്നോട്ട് പോകും. മനുഷ്യന്റെ ഇതരസാധ്യതകളെക്കുറിച്ച് സ്വപ്നങ്ങളുള്ളവർ നെടുവീർപ്പിട്ട് നോക്കിനിൽക്കുക മാത്രം ചെയ്യും.

മുതലാളിത്തത്തിനെതിരെയുള്ള ഭൂമിരാഷ്ട്രീയത്തിന്റെ വിമോചക പദ്ധതികളായി ലേഖകൻ അവതരിപ്പിക്കുന്നവയെല്ലാം നല്ലതുതന്നെ. ഉദാത്ത പദ്ധതികളിലേക്ക് ഇടയ്ക്കിടെ തിരിച്ചുപോകുന്നത് നമ്മുടെ ദുരവസ്ഥയുടെ ആഴത്തെക്കുറിച്ച് മനസിലാക്കാൻ സഹായകമാകും. ഇത്തരം രോഗനിർണ്ണയങ്ങൾ വളരെ പ്രധാനമാണെങ്കിലും രോഗാവസ്ഥ അചികിത്സ്യമാണെന്ന് നാം ഖേദപൂർവ്വം മനസ്സിലാക്കണം. ലേഖകൻ പറയുന്ന പദ്ധതികളുടെ വിജയത്തിന് മനുഷ്യമനസ്സുകളുടെ ഒരു വലിയ ഓഹരി നിഷ്ഠയോടെ തിരിച്ചുപിടിക്കേണ്ടിവരും. ലോകത്തിലെ ബഹുഭൂരിപക്ഷം മനുഷ്യമനസ്സുകളുടെയു ഓഹരി നല്ല ലക്ഷ്യങ്ങൾക്ക് വേണ്ടി ലഭിക്കുമെന്ന് ആശിക്കുന്നത് സങ്കീർണ്ണ ലോകത്തെ അതിലളിതവത്കരിച്ച് മനസ്സിലാക്കുന്നതുകൊണ്ടാണ്. മാർക്സ് എത്രയോ പേജുകൾ ഇത് പഠിപ്പിക്കാൻ നീക്കിവച്ചു. പിൽക്കാല മാർക്സിസ്റ്റുകളും ഫൂക്കോയും പ്രത്യയശാസ്ത്രങ്ങളുടെ ഹെഗിമണിയെക്കുറിച്ചും അധികാരത്തിന്റെ കുരുക്കഴിക്കാനാകാത്ത വിഭ്രാമകതയെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. ബഹുഭൂരിപക്ഷം മനുഷ്യരുടെയും അടിമയാകാനുള്ള വാഞ്ഛയെക്കുറിച്ചും മൂല്യവാന്മാരാകാനുള്ള വിമുഖതയെക്കുറിച്ചും വില്യം റീഹ് പറയുന്നുണ്ട്. ഇവരുടെയൊക്കെ രചനകളിലൂടെ ലേഖകൻ കടന്നുപോയിട്ടുണ്ടായിരുന്നെങ്കിൽ മുതലാളിത്തത്തിന്റെയും അതിന്റെ നിയന്ത്രണമില്ലാത്ത നിരവധി പ്രശ്നങ്ങൾക്കും ഇത്ര ലളിതമായ ഉത്തരങ്ങൾ നൽകുമായിരുന്നില്ല. ലേഖകൻ പറയുന്ന ആദർശാത്മക വഴികൾക്ക് പ്രസക്തിയുണ്ടെങ്കിലും അതിലെ ശരികൾക്ക് അധികദൂരം സഞ്ചരിച്ച ചരിത്രമില്ല. മാൻപേടയോടൊപ്പം സിംഹം സസ്യാഹാരിയായി മാറി, പ്രകൃതിജീവനം നടത്തി ജീവിക്കുമെന്ന് ആശിക്കുന്നതുപോലെയാണത്.

മനുഷ്യരാശി ആത്മഹത്യാപരമായ ഒരു മാർഗ്ഗത്തിലാവാം. എന്നാലും നമ്മുടെ ഇന്നുള്ള അവസ്ഥയിലല്ലേ പ്രവർത്തിക്കാനാവൂ? മുതലാളിത്തം കൊണ്ടുവന്നിട്ടുള്ള നിവാര്യവും അനിവാര്യവുമായ സന്നിഗ്ദ്ധതകളുണ്ട്. അവയിൽ നിവാര്യമായവയെ നമുക്കാവുന്ന ഊർജ്ജമെല്ലാം സംഭരിച്ച് സമീപിക്കുകയും നിലനിൽപ്പുള്ള ഒരു വികസനതന്ത്രം കരുപ്പിടിപ്പിക്കുകയുമാണ് ഏറിവന്നാൽ നമുക്കാവുക. അതിന് മുതലാളിത്തം ഗ്രസിച്ച ജനമനസ്സുകളെ തന്നെ ഉണർത്തണം. മുതലാളിത്തസ്ഥാപനങ്ങളെ തന്നെ തിരുത്തി പ്രവർത്തന ക്ഷമമാക്കണം. അതിനിടയിൽ, പരിപൂർണ്ണതാ മൗലികവാദം ദീക്ഷിക്കുന്നത് വിശ്വാസ്യത കളയാനേ ഉപകരിക്കൂ.